"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഭവനനിർമ്മാണ വകുപ്പ് - കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് - WP(C)No.12209/2021 നമ്പർ കേസിലെ ബഹു. ഹൈക്കോടതിയുടെ 22.02.2024 തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭവനനിർമ്മാണ (എ) വകുപ്പ്**

സ.ഉ.(കൈ) നം.13/2024/HSG തീയതി,തിരുവനന്തപുരം, 18-10-2024

---

പരാമർശം:-

1. ഹൗസിംഗ് ബോർഡ് പെൻഷനേഴ്സ് വെൽഫയർ ഫോറം സമർപ്പിച്ച 26.06.2020 ലെ HBPWF/07/2020 നം നിവേദനം.
2. ശ്രീ. കെ. മാധവൻ നായർ മുതൽപേർ സമർപ്പിച്ച 27.05.2021 ലെ നിവേദനം.
3. WP(C)No.12209/2021 നമ്പർ കേസിലെ ബഹു. ഹൈക്കോടതിയുടെ 22.02.2024 തീയതിയിലെ വിധിന്യായം.
4. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 15.07.2024 തീയതിയിലെ KSHB-HO/429/2024-A1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ അനുവദിച്ച 10-ാം പെൻഷൻ പരിഷ്കരണം 01.07.2014 മുതൽ പ്രാബല്യത്തിൽ അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. മാധവൻ നായർ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.12209/2021 നമ്പർ കേസിൽ താഴെ പറയുന്ന രീതിയിൽ പരാമർശം (3) വിധിന്യായപ്രകാരം ബഹു. ഹൈക്കോടതി ഉത്തരവായിരുന്നു.

"Taking into consideration the facts and circumstances of the case, there will be a direction to the first respondent to take up Ext.P6 & Ext.P7 and pass appropriate orders within a period of three months from the date of receipt of a copy of the Judgment. While passing orders, the first respondent shall take into consideration the implementation of the 9th pay revision and also the fact that except for the retired employees, the orders have been given effect from 01.07.2014. A representative of the association shall also be given an opportunity of hearing before passing orders."

2. ബഹു. ഹൈക്കോടതിയുടെ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, 16.04.2024 ന് കേസിലെ പരാതി കക്ഷിയായ ശ്രീ. കെ. മാധവൻ നായരുടെ പ്രതിനിധിയേയും, ഹൗസിംഗ് ബോർഡ് പെൻഷനേഴ്സ് വെൽഫയർ ഫോറം എന്ന സംഘടനയുടെ പ്രതിനിധികളെയും സർക്കാർ നേരിൽ കേൾക്കുകയുണ്ടായി.

2. സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ നിലവിലുള്ള തസ്തികകളിലേക്ക്/ഒഴിവുകളിലേയ്ക്ക്

പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിന് സർക്കാരും ഭവനനിർമ്മാണ ബോർഡും തീരുമാനിക്കുകയും സർക്കാർ ജീവനക്കാരുടെ ശമ്പള സ്കെയിൽ അതേപടി തന്നെയാണ് ബോർഡിലും നടപ്പാക്കിയിട്ടുള്ളതെന്നും പരാതി കക്ഷികൾ ഹിയറിംഗ് വേളയിൽ വ്യക്തമാക്കി. സെക്രട്ടറിയേറ്റ് അസിസ്റ്റന്റ്/ടൈപ്പിസ്റ്റ് തസ്തികകൾക്ക് തുല്യമായ യോഗ്യതയായതിനാൽ ബോർഡിലെ ക്ലർക്ക്/ടൈപ്പിസ്റ്റ് തസ്തികകൾക്ക് സെക്രട്ടറിയേറ്റ് തസ്തികകൾക്കുള്ള ശമ്പള സ്കെയിൽ നൽകി വരുന്നു. കെ.എസ്.ആർ. പ്രകാരമുള്ള ഗ്രേഡും പ്രൊമോഷനുകളുമാണ് ബോർഡിലും ബാധകമാക്കിയിട്ടുള്ളത്. കാലാകാലങ്ങളിൽ സർക്കാർ ജീവനക്കാർക്ക് അനുവദിക്കുന്ന ശമ്പള/പെൻഷൻ റിവിഷനുകളുമാണ് ബോർഡിലും ബാധകമാക്കിയിട്ടുള്ളതെന്നും സർക്കാർ ജീവനക്കാർക്കും/ പെൻഷൻകാർക്കും നൽകുന്ന അതേ തീയതി പ്രാബല്യത്തിൽ തന്നെയാണ് ടി പരിഷ്കരണങ്ങൾ ബോർഡിലും നൽകിവന്നിരുന്നത് എന്നും പരാതിക്കാർ അറിയിച്ചു.

3. 1990 - ലാണ് ബോർഡിലെ ജീവനക്കാർക്കും പെൻഷൻ നൽകുന്നതിന് ഉത്തരവാകുന്നത്. അന്നുമുതൽ എല്ലാ പെൻഷൻ ഉത്തരവുകളും സർക്കാർ ഉത്തരവ് തീയതി മുതൽ ബോർഡിലെ പെൻഷൻകാർക്കും പെൻഷൻ റെഗുലേഷനിലെ റൂൾ (4) പ്രകാരം നടപ്പാക്കിവരുന്നതെന്ന് പരാതിക്കാർ വിശദമാക്കി. സർക്കാർ ജീവനക്കാരുടെ 9-ാം ശമ്പള കമ്മീഷൻ റിപ്പോർട്ട് 01.07.2009 തീയതി മുതൽ നടപ്പാക്കിയപ്പോൾ ബോർഡിലെ പെൻഷൻകാർക്കും അതേ തീയതി മുതൽ നടപ്പാക്കാനാണ് 2014 - ൽ ഉത്തരവായത്. എന്നാൽ പിന്നീട് വന്ന 10-ാം ശമ്പള കമ്മീഷൻ റിപ്പോർട്ട് 01.07.2014 മുതൽ നടപ്പാക്കാനുള്ള 2016 - ലെ സർക്കാർ ഉത്തരവ് അതേ തീയതി മുതൽ ബോർഡ് ജീവനക്കാർക്കും പെൻഷൻകാർക്കും നടപ്പാക്കുന്നതിനുള്ള അനുമതിയ്ക്കായി സർക്കാരിലേയ്ക്ക് അയച്ചെങ്കിലും ബോർഡിലെ ജീവനക്കാർക്ക് പരിഷ്ക്കരണം 10.10.2018 ലും പെൻഷൻകാർക്ക് 03.01.2020 മുതലും നടപ്പാക്കാനാണ് സർക്കാർ ഉത്തരവായത്. ഈ ഉത്തരവ് മൂലം 01.07.2014 മുതൽ 03.01.2020 വരെ പെൻഷനായവർക്ക് 9-ാം ശമ്പള കമ്മീഷൻ പ്രകാരമുള്ള ആനുകൂല്യങ്ങൾ മാത്രമേ ലഭ്യമാകുകയുള്ളുവെന്ന് സംസ്ഥാന ഭവനനിർമ്മാണ ബോർഡ് വ്യക്തമാക്കിയെന്നും അഞ്ചര വർഷത്തെ സർവ്വീസ് ആനുകൂല്യങ്ങൾ നഷ്ടപ്പെടുത്തിക്കൊണ്ടുള്ള പ്രസ്തുത ഉത്തരവ്, ജീവനക്കാരെയും പെൻഷൻകാരെയും രണ്ട് തട്ടാക്കുകയും ചെയ്തുവെന്നും ബോർഡിന്റെ പെൻഷൻ റൂൾ (4) ന്റെ തിരസ്കാരമാണെന്നും പരാതിക്കാർ ഹിയറിംഗ് വേളയിൽ ബോധപ്പിയ്ക്കുകയുണ്ടായി.

4. സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ജീവനക്കാരുടെയും പെൻഷൻകാരുടെയും 10-ാം ശമ്പള പരിഷ്കരണവും, പെൻഷൻ പരിഷ്കരണവും സർക്കാർ ഉത്തരവ് തീയതി മുതൽ നടപ്പാക്കിയാൽ മതിയെന്ന് സർക്കാർ നിർദ്ദേശിച്ചതിലൂടെ ജീവനക്കാർക്ക് മൂന്നര വർഷത്തേയും പെൻഷൻകാർക്ക് അഞ്ചര വർഷത്തേയും സാമ്പത്തിക ആനുകൂല്യങ്ങളാണ് നിഷേധിക്കപ്പെട്ടത് എന്നും 2015 നും 2020 നും ഇടയിൽ റിട്ടയർ ചെയ്ത പെൻഷൻകാരെ വിവിധ തട്ടുകളിലാക്കി മാറ്റി നിർത്തുകയും അർഹതപ്പെട്ട ഗ്രാറ്റുവിറ്റി, കമ്മ്യൂട്ടേഷൻ എന്നിവ നിഷേധിച്ചതിലൂടെ സാമ്പത്തിക ആനുകൂല്യങ്ങൾ ഇല്ലാതാക്കുന്നതിനും ഇടവരുത്തി എന്നും പരാതിക്കാർ ഹിയറിംഗിൽ അറിയിക്കുകയുണ്ടായി. ആയതിനാൽ 10-ാം പെൻഷൻ പരിഷ്കരണത്തിന്റെ പ്രാബല്യം 01.07.2014 തീയതി മുതൽ അനുവദിച്ച് ഉത്തരവാകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും പരാതിക്കാർ ആവശ്യപ്പെടുകയുണ്ടായി. 10-ാം പെൻഷൻ പരിഷ്കരണത്തിന്റെ പ്രാബല്യം 01.07.2014 മുതൽ ലഭ്യമാക്കണമെന്നതാണ് ബോർഡിന്റെ

നിലപാട് എന്ന് ഭവനനിർമ്മാണ ബോർഡിന്റെ പ്രതിനിധിയായി പങ്കെടുത്ത അസിസ്റ്റന്റ് സെക്രട്ടറി ഹിയറിംഗിൽ അറിയിക്കുകയുണ്ടായി.

5. ഭവന നിർമ്മാണ ബോർഡിന്റെ മുഖ്യ വരുമാന സ്രോതസ്സ് വാടക, കൺസൾട്ടൻസി വർക്കുകൾ, ലോൺ അദാലത്തിൽ തീർപ്പാക്കിയവരിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള വായ്പാ തുക, റവന്യൂ റിക്കവറി, മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള ഡിപ്പോസിറ്റ് വർക്കുകൾ, ബോർഡിന്റെ തനത് പദ്ധതികളിൽ നിന്നും ലഭിക്കുവാനുള്ള ലാഭം തുടങ്ങിയവയാണെന്നും ഗൃഹശ്രീ ഭവന പദ്ധതിയും, സർക്കാർ ജീവനക്കാർക്കായുള്ള വായ്പ പദ്ധതി, സംസ്ഥാനത്തെ ഇടത്തരം വരുമാനക്കാർക്കായുള്ള ലോൺ ലിങ്ക്ഡ് സബ്സിഡി സ്കീം, തന്റെയിടം പദ്ധതി, സ്വപ്നക്കൂട് പദ്ധതി, സീനിയർ സിറ്റിസൺ ഹോം തുടങ്ങിയ ജനക്ഷേമപരമായ നിരവധി പുതിയ ഭവന പദ്ധതികളും നിർമ്മാണ പ്രവർത്തനങ്ങളും ആസൂത്രണം ചെയ്തു ബോർഡ് അതിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും നിലവിൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് ബോർഡ് കടന്നുപോകുന്നതെങ്കിലും സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കുന്നതാണെന്നും ബോർഡ് സെക്രട്ടറി പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വരുമാനം വർധിപ്പിക്കാനുള്ള പദ്ധതികൾ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ആസൂത്രണം ചെയ്യുന്നുണ്ട് എങ്കിലും 2021-2022 - ലെ ആഡിറ്റ് റിപ്പോർട്ട് പ്രകാരം ബോർഡ് 11,44,31,590/- രൂപ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഭവനനിർമ്മാണ ബോർഡ് ജീവനക്കാർക്ക് പത്താം ശമ്പള പരിഷ്കരണം നടപ്പിലാക്കിയത് ഉത്തരവ് തീയതിയായ 10.10.2018 മുതൽക്കാണ്. ബോർഡ് തുടർച്ചയായ മൂന്നു വർഷങ്ങളിൽ നഷ്ടത്തിലാണ് പ്രവർത്തിച്ചു വരുന്നത് എന്നതിനാൽ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിലെ പെൻഷൻ പരിഷ്കരണ പ്രൊപ്പോസലിനോട് ആസൂത്രണ സാമ്പത്തികകാര്യ (BPE) വകുപ്പ് യോജിക്കുകയുണ്ടായില്ല. എന്നാൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ജീവനക്കാർക്ക് പത്താം ശമ്പള പരിഷ്കരണ ശിപാർശയുടെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച നിരക്കിലുള്ള ശമ്പളം അനുവദിച്ചു നൽകിയിട്ടുള്ള സാഹചര്യത്തിൽ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ പെൻഷൻ പരിഷ്കരണം മൂലമുണ്ടാകുന്ന ബാദ്ധ്യത ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണെന്നും സർക്കാർ യാതൊരു സാമ്പത്തിക സഹായവും ലഭ്യമാക്കില്ല എന്നും, ഉത്തരവ് തീയതി മുതൽ മാത്രമേ പെൻഷൻ പരിഷ്കരണത്തിന്റെ ആനുകൂല്യം ലഭ്യമാക്കുകയുള്ളൂ എന്ന നിബന്ധനയിൻമേൽ പത്താം ശമ്പള പരിഷ്കരണ ശിപാർശയുടെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച നിരക്കിലുള്ള പെൻഷനും, ഫാമിലി പെൻഷനും കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ജീവനക്കാർക്ക് അനുവദിക്കുന്നതിന് ഉത്തരവാകുകയും തുടർന്ന് 03.01.2020 ലെ സ.ഉ.(കൈ)നം.1/2020/HSG പ്രകാരം കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിലെ പെൻഷൻകാരുടെ പത്താം പെൻഷൻ പരിഷ്കരണം 03.01.2020 പ്രാബല്യത്തിൽ നടപ്പിലാക്കുകയും ചെയ്തു. ശമ്പള/പെൻഷൻ പരിഷ്കരണം അനുവദിക്കുമ്പോൾ സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി ഉൾപ്പെടെ വിവിധ വശങ്ങൾ സർക്കാർ പരിഗണിക്കേണ്ടതുണ്ട്. വർഷങ്ങളായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഒരു പൊതുമേഖലാ സ്ഥാപനമാണ് കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്. അതിനാലാണ് പത്താം പെൻഷൻ പരിഷ്കരണം ഉത്തരവ് തീയതി പ്രാബല്യത്തിൽ മാത്രം ടി സ്ഥാപനത്തിൽ നടപ്പിലാക്കാൻ അനുമതി നൽകിയത്. ബോർഡിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത്

സർക്കാർ എടുത്ത നയപരമായ തീരുമാനമാണ് പെൻഷൻ പരിഷ്കരണത്തിന്റെ പ്രാബല്യത്തീയതി 03.01.2020 എന്നത്. അതിനാൽ പ്രസ്തുത തീരുമാനം പുനഃപരിശോധിയ്ക്കേണ്ടതില്ലായെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

7. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, WP(C)No.12209/2021 നമ്പർ കേസിൽ Ext.P6 & Ext.P7 എന്നിവയായി ഉൾപ്പെടുത്തിയിരുന്നതും പരാമർശം(1), പരാമർശം(2) എന്നിവയായി പരാമർശിച്ചിട്ടുള്ളതുമായ നിവേദനങ്ങളിലെ ഹർജിക്കാരുടെ ആവശ്യം നിരാകരിച്ചു കൊണ്ടും അപ്രകാരം ബഹു. ഹൈക്കോടതിയുടെ WP(C)No.12209/2021 നമ്പർ കേസിന്റെ 22.02.2024 തീയതിയിലെ വിധിന്യായം നടപ്പിലാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
തരുൺ ലാൽ.എസ്
അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, തിരുവനന്തപുരം
ശ്രീ. കെ. മാധവൻ നായർ, 'ശിവശക്തി', ഹൗസ് നം.17, എൻ.സി.സി. നഗർ, പേരൂർക്കട പി.ഒ., തിരുവനന്തപുരം
ശ്രീ. കെ. രവീന്ദ്രൻ നായർ, പ്രസിഡന്റ്, ഹൗസിംഗ് ബോർഡ് പെൻഷനേഴ്സ് വെൽഫെയർ ഫോറം, രമ്യ, ഹൗസ് നം. 20, ആനന്ദ് നഗർ, കുടപ്പനക്കുന്ന് പി.ഒ., തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (2763327/PU-C3/68/2024-FIN, തീയതി 30.08.204)
വെബ് & ന്യൂ മീഡിയ (ഐ.&പി.ആർ.) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Krishnakumar S
Date: 18-10-2024 16:56:55
സെക്ഷൻ ഓഫീസർ